നം : H-1/10213/15

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി: 17/09/2016

## സർക്കുലർ

വിഷയം : സാമൂഹ്യനീതി വകുപ്പ് - കാഴ്ച വൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തര ധനസഹായം - മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന :- 1. സ.ഉ(ആർ.റ്റി)380/15/സാ.നീ.വ. തീയതി 17.6.2015
2. ഈ കാര്യാലയത്തിലെ 23.7.2015ലെ മേൽ നം. സർക്കുലർ
3. സർക്കാർ ഉത്തരവ് (ആർ.റ്റി)358/2016/SJD തീയതി 30.7.2015

കാഴ്ചവൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം അവരുടെ കുഞ്ഞിന്റെ സംരക്ഷണത്തിനും പരിചരണത്തിനുമായി പ്രതിമാസം 2000/-രൂപ ധനസഹായം അനുവദിക്കുന്നതിന് സർക്കാർ ഫണ്ടും ഭരണാനുമതിയും നൽകിയിട്ടുണ്ട്. ആവശ്യമായ അപേക്ഷകൾ ലഭ്യമല്ലാതിരുന്നതിനാലും പെരുമാറ്റച്ചട്ടം നിലവിൽ വന്നിരുന്നതിനാലും 2015-16 വർഷത്തിൽ ടി പദ്ധതി നടപ്പിലാക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ ടി പദ്ധതി നടപ്പുസാമ്പത്തികവർഷം സംസ്ഥാനത്ത് നടപ്പിലാക്കുവാൻ സൂചന (3) പ്രകാരം സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ടി പദ്ധതി കാര്യക്ഷമമായി നടപ്പുസാമ്പത്തിക വർഷം നടപ്പാക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. കാഴ്ച വൈകല്യമുള്ള അമ്മമാരുടെ പ്രസവാനന്തരം മൂന്ന് മാസത്തിനുള്ളിൽ വെള്ള പേപ്പറിൽ തയ്യാറാക്കുന്ന അപേക്ഷ ജില്ലാ കാര്യാലയങ്ങളിൽ ലഭ്യമാകുന്ന പ്രകാരം ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ ക്ഷണിയ്ക്കുന്നതിന് ആവശ്യമായ പ്രചരണം നൽകുന്നതിന് ജില്ലാസാമൂഹ്യനീതി ഓഫീസർ നടപടി സ്വീകരിക്കേണ്ടതാണ്.
2. സിഡിപിഒ മുഖാന്തിരം ലഭിക്കുന്ന ധനസഹായത്തിനുള്ള അപേക്ഷകളിന്മേൽ അർഹതയ്ക്ക് വിധേയമായ തുകയ്ക്കുള്ള പ്രൊപ്പോസൽ ഡയറക്ടറേറ്റിൽ സമർപ്പിയ്ക്കുന്നതിന് ജില്ലാസാമൂഹ്യനീതി ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ്. അപേക്ഷയും അനുബന്ധരേഖകളും സമർപ്പിക്കേണ്ടതില്ല.
3. അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഇതിലേയ്ക്കാവശ്യമായ തുകയും അപേക്ഷകരുടെ മേൽവിലാസം, കുഞ്ഞിന്റെ ജനനതീയതി, ആശുപത്രിയിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ള തീയതി എന്നീ വിവരങ്ങൾ നിർബന്ധമായും ജില്ലാസാമൂഹ്യനീതി ഓഫീസർമാരുടെ ശുപാർശ കത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.

Aj.

4. കുഞ്ഞിന്റെ ജനനത്തോടെ ആശുപത്രിയിൽ നിന്നും വിടുതൽ ചെയ്ത തീയതി മാസത്തിന്റെ ആദ്യപകുതിയ്ക്കുള്ളിൽ (1-15 ദിവസത്തിനകം) ആണെങ്കിൽ ടി മാസം മുതലും ആദ്യപകുതിയ്ക്ക് ശേഷം (16-30 ദിവസത്തിനകം) ആണെങ്കിൽ അടുത്ത മാസം പ്രാബല്യത്തിലും ധനസഹായം അനുവദിയ്ക്കാവുന്നതാണ്.

5. ടി കുഞ്ഞിന്റെ ജനനത്തോടെ ആശുപത്രിയിൽ നിന്നും വിടുതൽ ചെയ്യുന്ന തീയതി അഥവാ ഖണ്ഡിക 4-ൽ പരാമർശിച്ച പ്രകാരം തുക അനുവദിയ്ക്കുന്നതു മുതൽ 24 മാസക്കാലം ടി ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.

6. കുടുംബവാർഷികവരുമാനം പരമാവധി 1 ലക്ഷം രൂപയായിരിയ്ക്കും.

7. അപേക്ഷകരിൽ നിന്നും വെള്ളപേപ്പറിൽ അപേക്ഷ, വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ബി.പി.എൽ ആണെങ്കിൽ റേഷൻ കാർഡിന്റെ പകർപ്പ്) കാഴ്ചവൈകല്യം തെളിയിയ്ക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്, ബാങ്ക് അക്കൗണ്ട്, പാസ് ബുക്കിന്റെ ബന്ധപ്പെട്ട പേജ് എന്നിവ ബന്ധപ്പെട്ട സിഡിപിഒമാർ സ്വീകരിക്കേണ്ടതാണ്.

8. ജില്ലാസാമൂഹ്യനീതി ഓഫീസർമാർ ടി ധനസഹായം ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് നൽകേണ്ടതും ടി വിവരം അപേക്ഷകരെ അറിയിക്കേണ്ടതുമാണ്.

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

Aj.